വാല്യം: 13 ലക്കം: 4
ഡിസംബർ 2024

MALABAR CANCER CENTRE
THALASSERY

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



## മലബാർ കാൻസർ സെന്റർ

പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓങ്കോളജി സയൻസസ് & റിസർച്ച്
**തലശ്ശേരി, കണ്ണൂർ**

കേരള
ഗവൺമെന്റിന്റെ
കീഴിലുള്ള സ്വയംഭരണ
സ്ഥാപനം

നമ്മുടെ സന്തോഷം നമ്മുടെ തീരുമാനമാണ്. ജീവിതത്തിൽ പലതരത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാവാം. അത് നമ്മുടെ ജീവിതത്തെ ബാധിക്കുന്നത്, നമ്മുടെ ചിന്തകളുടെ ഗുണങ്ങളെ ആശ്രയിച്ചിരിക്കും.

പാദമുദ്ര: മലബാർ കാൻസർ സെന്ററിൽ കൊച്ചി കപ്പൽശാലയുടെ വി.എസ്.ആർ.എസ്.എസ്. സഹായ തുക ഉപയോഗിച്ച് റീഹാബിലിറ്റേഷൻ ഓങ്കോളജി വിഭാഗത്തിൽ ലോ ലേസർ തെറാപ്പിക്ക് തുടക്കം കുറിക്കും.

ഒക്ടോബർ 10-ന ലോക മാനസികാരോഗ്യ ദിനവും ഒക്ടോബർ 19ന ലോക പാലിയേറ്റീവ് ആൻഡ് ഹോസ്പെയിസ് കെയർ ദിനവും ആചരിച്ചു.



ആലേഖത്തിൽ മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ നെസ്റ്റ് എന്ന വിഷയത്തെപ്പറ്റി ഡോ. വിപിൻ ഗോപിനാഥ് വിശദീകരിക്കുന്നുണ്ട്. അടുത്ത ആലേഖത്തിൽ സ്ലീപ്പ് ക്ലിനിക്ക് എന്ന വിഷയത്തെപ്പറ്റി ഡോ. രവീണ (ഹെഡ് ആന്റ് നെക്ക് ഓങ്കോളജി) വിശദമായി വിവരിക്കുന്നുണ്ട്.

മായാത്ത നല്ല ഓർമ്മകളെപ്പറ്റി ഫാർമസിസ്റ്റ് സുഗന്തിന്റെ ഓർമ്മക്കുറിപ്പാണ് മറ്റൊന്ന്. പഠനാനന്തരത്തിൽ പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിയതോടൊപ്പം തന്നെ നവജാതശിശു സംരക്ഷണ വാരാചരണം നടത്തി. ദേശീയ അർബുദ ബോധവൽക്കരണദിനാചരണം നവംബർ മാസത്തിൽ വിവിധ പരിപാടികളോടെ ആചരിച്ചു. ലോക എയ്ഡ്സ് ദിനാചരണവും ലോക പ്രമേഹ ദിനാചരണവും നടത്തിയിട്ടുണ്ട്.

കേരള ഗ്രാമീൺബാങ്ക് എം.സി.സി.ക്ക് ഒരു ആംബുലൻസ് നൽകിയിട്ടുണ്ട്. ഈ ലക്കത്തിലെ ബോധനത്തിൽ ഒക്ടോബർ 24ന് പിങ്ക് റിബ്ബൺ ഡേ ആചരിച്ചതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

കാണുന്നവരുടെ കണ്ണിലാണ് പ്രകൃതിയിലെ കാഴ്ചയുടെ സൗന്ദര്യം. നല്ല കാഴ്ചകൾ കണ്ണിനെ മാത്രമല്ല, മനസ്സിനെയും തൃപ്തിപ്പെടുത്തുന്നു. നാളെകളുടെ നല്ല ദിനങ്ങൾ ആശംസിച്ചുകൊണ്ട് നിർത്തുന്നു.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

ഡയറക്ടർ, മലബാർ കാൻസർ സെന്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസേർച്ച്

# മലബാർ കാൻസർ സെന്ററിന് കൊച്ചി കപ്പൽശാലയുടെ സി.എസ്.ആർ. സഹായം

കൊച്ചി കപ്പൽശാലയുടെ സി.എസ്സ്.ആർ പദ്ധതിയുടെ ഭാഗമായി മലബാർ കാൻസർ സെന്ററിൽ (പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ്സ് ആന്റ് റിസർച്ച്) റീഹാബിലിറ്റേഷൻ ഓങ്കോളജി വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുവാൻ ധാരണയായി. പദ്ധതിക്കായി കൊച്ചി കപ്പൽശാല 35 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക ഉപയോഗിച്ച് 2024-25 വർഷത്തിൽ തന്നെ റീഹാബിലിറ്റേഷൻ ഓങ്കോളജി വിഭാഗത്തിൽ ലോ ലേസർ തെറാപ്പി അഥവാ ലോ ലെവൽ ലേസർ തെറാപ്പിക്ക് (LLLT) തുടക്കം കുറിക്കുന്നതായിരിക്കും.

ലോ ലേസർ തെറാപ്പി അഥവാ ലോ ലെവൽ ലേസർ തെറാപ്പിക്ക് (LLLT) എന്നത് ശാരീരിക കലകളുടെ പുനരുജ്ജീവനത്തിനും രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ഒരു അടിസ്ഥാന ചികിത്സാ രീതിയാണ്. ഇത് സാധാരണ വേദന കുറക്കുന്നതിനും പരിക്കുകളുടെ പുനരുജ്ജീവനത്തിനും ഉപയോഗിക്കുന്നു. ലോ ലെവൽ ലേസർ തെറാപ്പിക്ക് (LLLT) ഫോട്ടോ ബയോ മോഡുലേഷൻ എന്നും അറിയപ്പെടുന്നു. കാൻസറുമായി ബന്ധപ്പെട്ട പാർശ്വഫലങ്ങൾ ചികിത്സിക്കാൻ കാൻസർ ചികിത്സയിൽ കൂടുതലായി ഉപയോഗിക്കുന്ന ഒരു ചികിത്സയാണ് ഇത്. മുറിവ് ഉണക്കുന്നത് മെച്ചപ്പെടുത്താനും, വേദന, വീക്കം എന്നിവ കുറയ്ക്കാനും ലോ ലെവൽ ലേസർ തെറാപ്പിക്ക് കഴിയും. ഓറൽ മ്യൂക്കോസൈറ്റിസ് (കീമോ തെറാപ്പി മൂലമുണ്ടാകുന്ന വായ വ്രണങ്ങളെ ചികിത്സിക്കാനും ലോ ലെവൽ ലേസർ തെറാപ്പി സഹായിക്കും.

# ലോക മാനസികാരോഗ്യ ദിനം-ഒക്ടോബർ 10-2024

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആൻറ് റിസർച്ചിലെ മെന്റൽ ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റും ആറാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികളും ചേർന്ന് ലോക മാനസികാരോഗ്യ ദിനം ആചരിച്ചു. ആറാം സെമസ്റ്റർ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾ സിമഹാൻസ് ഹോസ്പിഹലിൽ വച്ച് ഒരു ബോധവൽക്കരണ നാടകം അവതരിപ്പിച്ചു. പരിപാടി 3 മണിയോടെ ആരംഭിച്ചു. ഹോസ്പിറ്റൽ അധികൃതരും രോഗികളും ഇതിൽ പങ്കെടുത്തു. ലഹരി അടിമത്തത്തെപ്പറ്റിയും സോഷ്യൽ മീഡിയ അഡിക്ഷനെപ്പറ്റിയും മറ്റുള്ളവരിൽ അവബോധം സൃഷ്ടിക്കുവാൻ ഈ നാടകം സഹായിച്ചു. 4 മണിയോടെ പരിപാടി അവസാനിച്ചു.

അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മെന്റൽ ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. ബിനജ്ജ അർബൻ ഹെൽത്ത് സെന്റർ കൊളശ്ശേരിയിൽ വച്ച് തൊഴിലിടങ്ങളിലെ മാനസികാരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ്സ് നടത്തി. ഹെൽത്ത് സെന്ററിലെ മുഴുവൻ ജീവനക്കാരും അതിൽ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത ആളുകൾക്ക് തൊഴിലിടങ്ങളിൽ ഉണ്ടാവുന്ന മാനസിക പ്രശ്നങ്ങളെയും അത് തരണം ചെയ്യാനുള്ള മാർഗ്ഗങ്ങളെയും പറ്റി ഒരു അവബോധം സൃഷ്ടിക്കുവാൻ ഈ ക്ലാസ്സിലൂടെ സാധിച്ചു. 3 മണിയോടെ പരിപാടി അവസാനിച്ചു.












# ലോക പാലിയേറ്റീവ് ആന്റ് ഹോസ്‌പൈസ് കെയർ ദിനം



മലബാർ കാൻസർ സെന്ററിൽ ലോക പാലിയേറ്റീവ് ആന്റ് ഹോസ്‌പൈസ് കെയർ ദിനം ആചരിച്ചു. ഇതിനോടനുബന്ധിച്ച് 'സ്പന്ദനം-ഒരു കൂട്ടായ്മ' ഒക്ടോബർ 19ന് സംഘടിപ്പിച്ചു. 2011 വർഷം മുതൽ തുടക്കം കുറിച്ച സ്റ്റോമ ശസ്ത്രക്രിയ കഴിഞ്ഞ രോഗികളുടെ കൂട്ടായ്മയാണ് സ്പന്ദനം. കുടൽ, മൂത്രസഞ്ചി, മൂത്രനാളം എന്നിവയെ ബാധിക്കുന്ന തരത്തിലുള്ള കാൻസർ രോഗങ്ങളുടെ ചികിത്സയുടെ ഭാഗമായി അപൂർവ്വം ചില രോഗികളിൽ സ്റ്റോമ സർജറികൾ ആവശ്യമായി വരുന്നു. വൻകുടലിന്റെയോ ചെറുകുടലിന്റെയോ ചെറിയൊരു ഭാഗം വയറിനുപുറത്ത് ത്വക്കിന് മുകളിലായി തുന്നിപ്പിടിപ്പിക്കുകയും ഇതിലൂടെ മലം, മൂത്രം എന്നിവ പുറംതള്ളുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ശസ്ത്രക്രിയയിലൂടെ നിർവ്വഹിക്കുകയും ചെയ്യുന്നു. ഇത്തരം സ്റ്റോമകൾ പ്രത്യേകതരം ചെറുബാഗുകൾ ഉപയോഗിച്ച് കവചം ഒരുക്കുന്നു. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. ഡോ. എം.എസ്. ബിജി (ഡിപ്പാർട്ട്മെന്റ് ഓഫ് കാൻസർ പാലിയേറ്റീവ് മെഡിസിൻ) സ്വാഗതപ്രസംഗം നടത്തി. ഡോ.ആദർശ് ധർമ്മരാജൻ (ഡിപ്പാർട്ട്മെന്റ് ഓഫ് സർജിക്കൽ ഓങ്കോളജി), മേജർ ഗോവിന്ദൻ (പ്രസിഡന്റ് ഓഫ് കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം), നാരായണൻ പുതുക്കുടി (കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം മുൻ പ്രസിഡന്റ്), എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. എന്താണ് സ്റ്റോമ? എന്നതിനെക്കുറിച്ച് ഡോ. വിവേക് വിശ്വനാഥൻ (ഡിപ്പാർട്ട്മെന്റ് ഓഫ് സർജിക്കൽ ഓങ്കോളജി), സ്റ്റോമയും ഭക്ഷണക്രമവും എന്നതിനെക്കുറിച്ച് ശ്രേയ (ഡയറ്ററ്റിക്സ് വിഭാഗം), സ്റ്റോമ പരിചരണ രീതിയും സംശയ നിവാരണവും എന്നതിനെക്കുറിച്ച് ഷീജ നെല്ലിക്ക (ഡിപ്പാർട്ട്മെന്റ് ഓഫ് കാൻസർ പാലിയേറ്റീവ് മെഡിസിൻ) എന്നിവർ ക്ലാസ്സുകൾ എടുത്തു. 50 ഓളം വരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും പരിപാടിയിൽ പങ്കെടുത്തു. മെഡിക്കൽ സോഷ്യൽ വർക്കർ തുളസി.എം നന്ദി അറിയിച്ചു.

# ക്വാളിറ്റേറ്റിവ് റിസേർച്ചിൽ ഏകദിന ശില്പശാല







പഠനാനന്തരം

കാൻസർ രെജിസ്ട്രി ആൻഡ് എപിഡെമിയോളജി വിഭാഗം നവംബർ 23 ന ക്വാളിറ്റേറ്റിവ് റിസേർച്ചിൽ ഒരു ഏകദിന ശില്പശാല നടത്തി. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ ആമുഖ പ്രസംഗം നടത്തി. അഡയാർ കാൻസർ സെന്ററിലെ സൈക്കോ ഓങ്കോളജി വിഭാഗം വകുപ്പ് മേധാവി ഡോ. സുരേന്ദ്രൻ വീരയ്യ, ഇൻസാർ പ്രിൻസിപ്പൽ ഡോ. രോഹിണി എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. എം സി സി യിലെ 35 ഓളം ഫാക്കൽറ്റികൾ ശില്പശാലയിൽ പങ്കെടുത്തു. കാൻസർ രെജിസ്ട്രി ആൻഡ് എപിഡെമിയോളജി വിഭാഗം മേധാവി ഡോ. സൈന സുനിൽകുമാർ നന്ദി രേഖപ്പെടുത്തി.

ആലേഖം



**ഡോ.വിപിൻ ഗോപിനാഥ്**
അസിസ്റ്റന്റ് പ്രൊഫസർ

# മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ നെസ്റ്റ് – (MIINT)

മലബാർ കാൻസർ സെന്ററിൽ സ്ഥാപിതമായ അതിനൂതന സംരംഭമാണ് മിന്റ്. ആരോഗ്യ രംഗത്തെ സംരംഭകത്വം വളർത്തുവാനും മെഡിക്കൽ ശാസ്ത്രത്തിലെ അതിനൂതനമായ കണ്ടെത്തലുകളെ ജനോപകാരപ്രദമായ ഉത്പന്നങ്ങളാക്കുന്നതിന് വേണ്ടിയുള്ള ഒരു സംരംഭമാണ് ഇത്. സാങ്കേതിക വിദ്യയുടേയും നവീനമായ ചികിത്സയുടേയും സംയോജനത്തിലൂടെ ആരോഗ്യ സംരക്ഷണശാസ്ത്രം അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. പടിഞ്ഞാറൻ രാജ്യങ്ങളിൽ രൂപപ്പെടുന്ന നൂതന ചികിത്സാ രീതികൾ അവിടങ്ങളിലുള്ള ആരോഗ്യ നിയന്ത്രണ സ്ഥാപനങ്ങൾ അവയുടെ സുരക്ഷിതത്വവും കഴിവുകളും പരീക്ഷണ നിരീക്ഷണങ്ങളുടെ ഫലങ്ങൾ അവലോകനം ചെയ്ത് അംഗീകരിച്ചതിനുശേഷം ഭാരതത്തിലേക്ക് പ്രയോഗത്തിൽ വരുന്നതാണ് ഇന്ന് നാം കാണുന്നത്. ഇപ്രകാരം എത്തുന്ന ചികിത്സാരീതികൾ സ്വാഭാവികമായും ചിലവേറിയതായിരിക്കും. മാത്രമല്ല. ഇന്ന് നിലവിലുള്ള ഏറ്റവും ശാസ്ത്രീയമായ ചികിത്സാരീതി നമ്മുടെ ജന വിഭാഗത്തിലേക്ക് എത്താൻ കാലതാമസമുണ്ടാകും.

എന്തുകൊണ്ടാണ് നിലവിലുള്ള ഏറ്റവും നൂതനമായ ശാസ്ത്രീയ ചികിത്സാരീതികൾ ആരോഗ്യ ചികിത്സാ രീതികളിലേക്ക് ഉപയോഗിക്കാൻ കഴിയാത്തത് ?

ലബോറട്ടറി തലത്തിലുള്ള ഗവേഷണ നിരീക്ഷണങ്ങൾ ക്ലിനിക്കൽ പ്രാക്ടീസിലേക്ക് വിവർത്തനം ചെയ്യുന്നതിൽ പലപ്പോഴും കാര്യമായ വെല്ലുവിളികൾ നമ്മൾ നേരിടുന്നു. ഈ വിടവുകൾ നികത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തികമായ പിന്തുണയും നൽകുന്ന വാഗ്ദാനങ്ങളായ കണ്ടുപിടുത്തങ്ങൾ പ്രായോഗികമായ മെഡിക്കൽ സാങ്കേതിക വിദ്യകൾ, രോഗനിർണ്ണയം, അല്ലെങ്കിൽ ചികിത്സാ രീതികളായി മാറ്റുന്നതിന് വേണ്ടുന്ന സഹായം നൽകുന്ന സ്ഥാപനമാണ് എം.സി.സി യുടെ ഇൻകുബേഷൻ സെന്ററായ MIINT.

ആരോഗ്യ ചികിത്സാ സംവിധാനം മൾട്ടി ഡിസിപ്ലിനറിയാണ്. ഇതിന് ക്ലിനിക്കുകൾ ഗവേഷകർ, എഞ്ചിനിയർമാർ, ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, ഡാറ്റ സയന്റിസ്റ്റുകൾ തുടങ്ങി വിവിധ തരത്തിലുള്ള വിദഗ്ദരുടെ സഹായ സഹകരണം ആവശ്യമാണ്. ഈ വൈവിധ്യമായ മേഖലകളിലുടനീളം സഹകരണം പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം MIINT പരിപോഷിപ്പിക്കുന്നു. നൂതനവും ഫലപ്രദവും രോഗീ കേന്ദ്രീകൃതവുമായ സമഗ്രമായ ആരോഗ്യസംരക്ഷണ പരിഷ്കാരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നു.

വ്യക്തിഗത വൈദ്യശാസ്ത്ര ചികിത്സാ രീതികൾക്ക് രോഗികളുടെ തനതായ ജനിതക പാരിസ്ഥിതിക ഘടകങ്ങൾക്ക് അനുയോജ്യമായ ചികിത്സാ രീതികൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ നമ്മുക്ക് നമ്മുടെ സാമൂഹികമായ ഘടകങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സമൂഹങ്ങൾക്കും വ്യക്തികൾക്കും വേണ്ടി തനതായ നൂതന ചികിത്സാരീതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. അതിന് MIINT പോലുള്ള സംരംഭങ്ങൾ അത്യന്താപേക്ഷിതമാണ്.

തദ്ദേശീയമായ മരുന്ന് നിർമ്മാണത്തിനും പുതിയ മെഡിക്കൽ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിനും കർശനമായ ക്ലിനിക്കൽ പരിശോധനകളും റഗുലേറ്ററി ഏജൻസികളുടെ അംഗീകാരം നേടിയെടുക്കേണ്ടതായും ഉണ്ട്. ഈ സങ്കീർണ്ണമായ പ്രക്രിയകൾ സുതാര്യമായും ശാസ്ത്രീയമായും ചെയ്യേണ്ടത് വളരെ ആവശ്യമാണ്. MIINTലെ സയന്റിസ്റ്റ്മാരും, ഡോക്ടർമാരും, ഗവേഷകരും ഇത്തരം പ്രക്രിയകൾ ചെയ്യുവാൻ ഇവിടെയെത്തുന്ന ഇൻകുബേറ്ററുകൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനോടൊപ്പം തന്നെ അവർക്ക് മറ്റ് വ്യവസായ രംഗത്തുള്ള വിദഗ്ദരുമായി പങ്കാളിത്തം ലഭ്യമാക്കുവാൻ വേണ്ട സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

കേരളം ആരോഗ്യരംഗത്ത് വളരെയേറെ മുന്നേറിയിട്ടുണ്ടെങ്കിലും വളരെ വലിയ വെല്ലുവിളികളെ നിരന്തരം നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ആരോഗ്യരംഗത്തെ അടുത്ത തലത്തിലേക്ക് ഉയർത്തുവാൻ വേണ്ടുന്ന പ്രാദേശിക പ്രത്യേകതകളെ സമന്വയിച്ചുകൊണ്ടുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനും MIINT നിലകൊള്ളുന്നു. കേരളത്തിന്റെ പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതമായ നവീന ചികിത്സാ സംരംഭങ്ങൾ ഉണ്ടാകുന്നതിനൊപ്പം അങ്ങനെ സൃഷ്ടിക്കപ്പെട്ട നൂതന സങ്കേതങ്ങൾ ലോക വ്യാപകമായി വിപണനം ചെയ്യുവാനും അതുവഴി നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാവുകയും ചെയ്യും

ഭാവി തലമുറയിലെ ആരോഗ്യ ഗവേഷകർ, സംരംഭകർ, ചികിത്സകർ, എന്നിവരെ പരിശീലിപ്പിക്കുന്നതിനും



MIINT നിർണ്ണായക പങ്ക് വഹിക്കുന്നു. അനുഭവ പരിചയത്തിനും മെമ്പർഷിപ്പിനുമുള്ള ഒരു പ്ലാറ്റ്ഫോം നൽകുന്നതിലൂടെ ഈ സൗകര്യം പ്രാദേശിക പ്രതിഭകളെ പരിപോഷിപ്പിക്കാനും മസ്തിഷ്ക ചോർച്ച കുറക്കാനും സഹായിക്കുന്നു. വിദഗ്ധരായ പ്രൊഫഷണലുകളെ കേരളത്തിന്റെ ആരോഗ്യ സംരക്ഷണ ആവാസ വ്യവസ്ഥയിൽ നിലനിർത്തുവാനും പുറമേ നിന്നുള്ള വിദഗ്ധരെ കേരളത്തിലേക്ക് ആകർഷിക്കുവാനും MIINT പോലുള്ള സംരംഭങ്ങൾ അത്യന്താപേക്ഷിതമാണ്.

ലോകമെമ്പാടുനിന്നുള്ള നിക്ഷേപം, കഴിവുറ്റ പ്രതിഭകൾ, വ്യവസായ സഹകരണം എന്നിവയെ ആകർഷിക്കുന്ന മെഡിക്കൽ നവീകരണത്തിനുള്ള കേന്ദ്രമായി കേരളത്തെ മാറ്റുന്നതിനുള്ള ത്വരിതകമായി MIINT മാറുന്നു. ഇത് പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക മാത്രമല്ല ആരോഗ്യ സംരക്ഷണ ഗവേഷണത്തിലും ഒരു നേതാവെന്ന നിലയിൽ സംസ്ഥാനത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുകയും ചെയ്യും. ഇൻക്യുബേഷൻ സൗകര്യം ആരോഗ്യ സംരക്ഷണ മേഖലയിലെ സ്റ്റാർട്ടപ്പുകളുടെയും ചെറുകിട ബിസ്സിനസ്സ്കളുടേയും വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംരംഭകത്വ സംസ്കാരം വളർത്തുകയും ചെയ്യുന്നു. പരമ്പരാഗത വ്യവസായങ്ങൾക്കുമപ്പുറം തൊഴിലവസരങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനാൽ പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഇത് വളരെ പ്രാധാന്യമാണ്.

ഊർജ്ജസ്വലമായ ഒരു നവീകരണ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലൂടെ പൊതു സ്വകാര്യമേഖലകളിൽ നിന്നുള്ള നിക്ഷേപങ്ങൾ ആകർഷിക്കുവാൻ കഴിയുന്നതാണ്. വെഞ്ചൂർ കാപിറ്റലിസ്റ്റുകൾ ഗവൺമെന്റ് ഗ്രാന്റുകൾ അന്തർദേശീയ പങ്കാളിത്തം എന്നിവയിൽ നിന്ന് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് സാമ്പത്തിക ഉത്തേജനം പ്രദാനം ചെയ്യുന്നു. MIINT വികസിപ്പിച്ചെടുക്കുന്ന ഹെൽത്ത് കെയർ ഇന്നൊവേഷനുകൾ ആഗോള വിപണിയിലേക്കും ലക്ഷ്യംവെച്ചുള്ളവയായിരിക്കും. വിപുലീകരിക്കാവുന്നതും കയറ്റുമതി ചെയ്യാവുന്നതുമായ ആരോഗ്യസംരക്ഷണ സൊല്യൂഷനുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ആഗോള ഹെൽത്ത് കെയർ ഇന്നൊവേഷൻ ലാൻഡ്സ്കേപ്പിലെ ഒരു പ്രധാന കണ്ണിയാകുവാൻ കേരളത്തിന് കഴിയും.

മലബാർ കാൻസർ സെന്ററിൽ സ്ഥാപിതമാകുന്ന MIINT മെഡിക്കൽ സയൻസിലെ നവീകരണത്തിന് ഉതകുന്ന ഒരു മുൻകരുതൽ സംരംഭമാണ്. ഗവേഷണത്തിനും സഹകരണത്തിനും സംരംഭകത്വത്തിനും ഒരു പ്രത്യേക ഇടം നൽകുന്നതിലൂടെ MIINT കേരളത്തിലെ ആരോഗ്യ സംരംക്ഷണം മാത്രമല്ല, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും ഗണ്യമായ സംഭാവന നൽകുവാൻ സുസജ്ജമായ ഒരു സ്ഥാപനമാണ്. മലബാർ മേഖലയിലും പുറത്തുമുള്ള എണ്ണമറ്റ വ്യക്തികളുടെ ജീവിതത്തിൽ ശാശ്വത സ്വാധീനം ചെലുത്തി നവീകരണത്തിലൂടെ ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മലബാർ കാൻസർ സെന്ററിന്റേയും കേരള സർക്കാറിന്റേയും പ്രതിബദ്ധതയുടെ തെളിവാണ് ഇത്തരമൊരു സംരംഭം.

നിലവിൽ MIINTൽ രണ്ട് കമ്പനികളാണ് ഇൻക്യുബേറ്റ് ചെയ്ത് ആരോഗ്യ മേഖലയിൽ ആവശ്യമായ ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. Zygene biotechnologies pvt ltd എന്ന സ്റ്റാർട്ട് അപ് കമ്പനിയും, Indryam biotechnologies എന്ന സ്റ്റാർട്ട് അപ് കമ്പനിയും ആണത്. ഇവരോടൊപ്പം തന്നെ മറ്റ് രണ്ട് കമ്പനികൾ ഇൻക്യുബേറ്റ് ചെയ്യാനുള്ള നടപടിക്രമങ്ങളിലും ആണ്. ആധുനിക ചികിത്സയെ സഹായിക്കുവാൻ കഴിയുന്നതായ ഏതൊരാശയവുമായി ആർക്കും MIINT ൽ ഇൻക്യുബേറ്റ് ചെയ്യാവുന്നതാണ്. അതിന് MIINT ൽ അപേക്ഷിച്ച് ഒരു സ്ക്രീനിംഗ് പ്രക്രിയയിലൂടെ കടന്ന് പോകേണ്ടതായിട്ടുണ്ട്. അതിനുശേഷം MIINTലേക്ക് ഇൻക്യുബേറ്റ് ചെയ്യാവുന്നതാണ്.

ആലേഖം



**ഡോ. രവീണ**
**ഹെഡ്&നെക്ക് ഓങ്കോളജി വിഭാഗം**

# സ്ലീപ്പ് ക്ലിനിക്



കാൻസർ ചികിത്സയ്ക്കൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അതുമായി ബന്ധപ്പെട്ട ദീർഘകാല പാർശ്വഫലങ്ങളുടെ പരിപാലനവും. ചികിത്സയ്ക്കൊപ്പവും തുടർന്നും രോഗിയുടെ ജീവിത ഗുണനിലവാരം ഉറപ്പുവരുത്തുക എന്നത് ഏറെ അത്യന്താപേക്ഷിതമാണ്. സമഗ്രവും സാന്ത്വനാധിഷ്ഠിതവുമായ ഒരു സമീപനം ഇതിനാവശ്യമാണ്. ഉറക്കമില്ലായ്മ എന്നത് രോഗികളും, അതിജീവിതരും നേരിടുന്ന സുപ്രധാന പ്രശ്നമാണ്. അതുകൊണ്ട് തന്നെ ഒരു സ്ലീപ് ക്ലിനിക് എന്നത് കാൻസർ സെന്ററിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന ഘടകമാണ്.

### എന്തുകൊണ്ട് സ്ലീപ്പ് ക്ലിനിക് ?

പ്രധാന ചികിത്സാരീതികളായ സർജറി, കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി, ഇവയെല്ലാം തന്നെ ഉറക്കത്തിന്റെ സാധാരണ ഗതിയെ ബാധിച്ചേക്കാം. ഇത് ഉറക്കമില്ലായ്മ മുതൽ ഉറക്കത്തിന്റെ സ്വാഭാവിക താളത്തിലുണ്ടാകുന്ന വ്യതിയാനം എന്നിങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് രോഗികളിൽ ആരോഗ്യപരവും വൈകാരികവുമായ മാറ്റങ്ങളുണ്ടാക്കുകയും കാൻസർ ചികിത്സയുടെ ഗുണങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. കേരളത്തിൽ കാൻസർ രോഗത്തിന്റെ തോത് കൂടുതലായതിനാൽ നമ്മുടെ കാൻസർ സെന്ററുകളിൽ ഇത്തരം ക്ലിനിക്കുകൾ ആവശ്യമാണ്. ഇത് രോഗികളിലെ ഉറക്കമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഒപ്പം ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമാണ്.

### ലക്ഷ്യങ്ങൾ

കൃത്യമായി തയ്യാറാക്കിയ ചോദ്യാവലികളിലൂടെ ഉറക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുക.

1) ഓരോ രോഗിക്കും അനുസൃതമായ ചികിത്സാരീതികൾ, മരുന്നുകൾ, ഉറക്കത്തിലെ ശ്വാസതടസ്സത്തിന് CAAP(continous positive air way pressure)എന്നിവ നൽകുക.

2) ശയന പരിപാലന (sleep hygein) ത്തെക്കുറിച്ച് ബോധവാൻമാരാക്കുക, ഒപ്പം മാനസിക, വൈകാരിക പിൻബലം നൽകുക.

3) ദീർഘകാല തുടർ സന്ദർശനം (follow up) ചികിത്സയുടെ പുരോഗതി നിരീണ്ണയിക്കുന്നതിനും, ചികിത്സ ക്രമീകരിക്കുന്നതിനും ഗുണപ്രദമാക്കുന്നതിനും സഹായിക്കും.

വരുംകാലങ്ങളിൽ സമൂഹത്തിലേക്ക് ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഗവേഷണത്തിനും ആരോഗ്യ പ്രവർത്തകരുടെ പരിശീലനവും ക്ലിനിക് ലക്ഷ്യം വെക്കുന്നു. അത്യന്തികമായി ആരോഗ്യപരമായ ശയന ശീലങ്ങൾ പ്രധാനം ചെയ്യുക എന്നതാണ് ക്ലിനിക്കിന്റെ ലക്ഷ്യം. കാൻസർ രംഗത്തെ സമഗ്ര സമീപനത്തിന്റെ ഒരു ഉത്തമ മാതൃകയായി ഇത് മാറും എന്നതിൽ സംശയമില്ല. കാൻസർ ചികിത്സയോടൊപ്പം മികച്ച ജീവിത ഗുണനിലവാരം എന്ന ആശയത്തിന് ഒരു മുതൽക്കൂട്ടാണ് ഈ സംരംഭം.

ഓർമ



**സുഗന്ധ്**
ഫാർമസിസ്റ്റ്

# ഒരു ചെറുപുഞ്ചിരി

ഒരു അലസമായ ഞായർദിന പ്രഭാതത്തിൽ പ്രാതൽ ഒരുക്കിക്കൊണ്ടിരുന്ന നിഷ പെട്ടെന്നെന്തോ ഓർത്തപോലെ പറഞ്ഞു 'ഇന്നല്ലേ ബാബുവേട്ടന്റെ മോളുടെ കല്ല്യാണം. നമുക്ക് പോകണ്ടേ?'

'ഏത് ബാബു ?'

'മുൻപ് എന്റെ കൂടെ ഓഫീസിൽ ജോലി ചെയ്തിരുന്ന ബാബുവേട്ടൻ, ഏട്ടനെ കല്ല്യാണം വിളിച്ചതല്ലേ? മറന്നോ?'

'ഓ.. നമ്മുടെ ബാബുവേട്ടൻ, തീർച്ചയായും പോണം.'

ഞായറാഴ്ചത്തെ ഒഴിവുദിനം തകർന്നല്ലോ എന്ന വിഷമത്തിലും കല്ല്യാണത്തിന് പോകാൻ തന്നെ തീരുമാനിച്ചു.

വടകരയിൽ നമുക്ക് ആദ്യമായി താമസിക്കാൻ ഒരു പാർപ്പിടം ഒരുക്കിത്തന്ന ആളാണ് ബാബുവേട്ടൻ. അതുകൊണ്ട് തന്നെ ആ കടപ്പാടും ബാബുവേട്ടനോട് ഉണ്ട്. അത് മാത്രമല്ല എന്താവശ്യം ഉണ്ടെങ്കിലും ബാബുവേട്ടനോട് പറഞ്ഞാൽ അദ്ദേഹം അത് സാധിച്ചുതരുമായിരുന്നു.

ഓഡിറ്റോറിയത്തിന്റെ മുൻവശം തന്നെ നിന്ന് ബാബുവേട്ടൻ അതിഥികളെ ക്ഷണിക്കുന്ന തിരക്കിലാണ്, എങ്കിലും ഞങ്ങളെ കണ്ടപാടെ ഹസ്തദാനം തന്ന് ഉള്ളിലേക്ക് ആനയിച്ചു.

'ഭക്ഷണം കഴിച്ചിട്ടേ പോകാവൂ' എന്നൊരു ഓർമ്മപ്പെടുത്തലും.

മനോഹരമായ കല്ല്യാണച്ചടങ്ങായിരുന്നു പിന്നീട് കാണാൻ കഴിഞ്ഞത്.

പല്ലക്കിലേറിയായിരുന്നു വരന്റെ വരവ്. അതുകഴിഞ്ഞ് കൈകളിൽ ദീപമേന്തിയ സപ്തകന്യകമാരുടെ അകമ്പടിയോടെ വധുവും കടന്നുവന്നു. അതിമനോഹരിയായി വധുവിനെ ഒരുക്കിയിരുന്നു. വധുവിന്റെ അമ്മ ദീപവുമായി വധുവിന്റെ മുൻപിൽ നടക്കുന്നു. രണ്ട് കൂട്ടരും മണ്ഡപത്തിലേക്ക് പോയി.

'ഏതാണ് ബാബുവേട്ടന്റെ ഭാര്യ?' നിഷ എന്നോട് ചോദിച്ചു.

ഞാൻ ചൂണ്ടിക്കാണിച്ചുകൊടുത്തു. ബാബുവേട്ടനൊപ്പം ജോലി ചെയ്തിരുന്നെങ്കിലും നിഷ അതിന് മുൻപ് ബാബുവേട്ടന്റെ ഭാര്യയെ കണ്ടിട്ടുണ്ടായിരുന്നില്ല. മനോഹരമായ വസ്ത്രങ്ങൾ അണിഞ്ഞ് സുസ്മേരവദനയായി നല്ല പ്രസരിപ്പോടെ എല്ലാവരോടും കുശലം പറയുന്ന ആ സ്ത്രീയെ ഞാൻ സന്തോഷത്തോടെ നോക്കിക്കണ്ടു. ഒപ്പം ഒരു ആശ്വാസവും. വിവാഹം കഴിഞ്ഞ് സദ്യ കഴിഞ്ഞ് വിശ്രമിക്കുമ്പോൾ എന്റെ ഓർമ്മകൾ കുറച്ച് പിറകിലേക്ക് പോയി.

ഏകദേശം എട്ടൊൻപത് വർഷങ്ങൾക്ക് മുൻപാണ് നിഷ എന്നെ വിളിച്ച് പറഞ്ഞത്. നമ്മുടെ ബാബുവേട്ടന്റെ ഭാര്യക്ക് കാൻസറാണ്. നാളെ അവർ ഹോസ്പിറ്റലിൽ വരും ഏട്ടൻ എന്തെങ്കിലും സഹായം ചെയ്യണം. പിറ്റേന്ന് ബാബുവേട്ടനും ഭാര്യയും ഹോസ്പിറ്റലിൽ എത്തി. അവർക്ക് വേണ്ടുന്ന കാര്യങ്ങളൊക്കെ ചെയ്തുകൊടുത്തു. ഇൻഷൂറൻസ് കാർഡ് ഉള്ളതുകൊണ്ട് അവർക്ക് ഇൻഷൂറൻസും കിട്ടി.

'മകൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതം ഇപ്പോൾ നടുക്കടലിൽ പെട്ടപോലെയാണ്. മകളുടെ കല്ല്യാണം കൂടാൻ വല്ലാത്ത ആശയാണിവൾക്ക്. അതിന് കഴിയാൻ പറ്റാതെ വരുമോ എന്ന ആധിയാണ വൾക്ക് നിങ്ങൾ ഒന്ന് പറഞ്ഞ് ആശ്വസിപ്പിക്കണം' ബാബുവേട്ടൻ എന്നെ വിളിച്ച് മാറ്റിനിർത്തിപ്പറഞ്ഞു.

ഞാൻ അവരെകണ്ട് കുശലം പറഞ്ഞതിനുശേഷം പറഞ്ഞു. 'ഇത് ഇപ്പോൾ കോമൺ ആയിട്ടുള്ള ഒരസുഖമാണ്. ഒരുപാട് ആൾക്കാർ വന്ന് ചികിത്സിച്ച് സുഖമായി പോകുന്നു. ചേച്ചിയുടേത് ആരംഭ സ്റ്റേജ് ആയതിനാൽ വളരെപെട്ടെന്ന് തന്നെ സുഖമാവും. ഒരു ടെൻഷനും വേണ്ട നമ്മളെല്ലാം കൂടെയില്ലേ.'

സമ്മർദ്ദത്തിലായിരുന്ന അവരുടെ മുഖത്ത് ഒരു നേരിയ ആശ്വാസം വരുന്നത് കണ്ടു. പിന്നീട് ഹോസ്പിറ്റലിൽ ഒരു ബുദ്ധിമുട്ടും നേരിടേണ്ടി വരാത്തത് കൊണ്ടായിരിക്കാം അവർ എന്നെ കാര്യമായി കോൺടാക്റ്റ് ചെയ്തിരുന്നില്ല.

ഒരിക്കൽ ഞാൻ എന്തോ ആവശ്യത്തിന് ഹോസ്പിറ്റലിന്റെ എൻട്രൻസിൽ വന്ന സമയം ഇവരെ കണ്ടപ്പോൾ ബാബുവേട്ടൻ പറഞ്ഞു. 'ട്രീറ്റ്മെന്റ് എല്ലാം കഴിഞ്ഞു. അവൾ ഇപ്പോൾ നല്ല ഉഷാറായിട്ടുണ്ട്. ഇപ്പോൾ ഹോർമോൺ ഗുളിക മാത്രമേ ഇപ്പോഴുള്ളൂ. ഇന്ന് റിവ്യൂവിന് വന്നതാണ്.'

'മോൾ ഇപ്പോൾ എന്ത് ചെയ്യുന്നു.' എന്ന് ഞാൻ ചോദിച്ചു.

'അവളുടെ പഠിത്തം കഴിഞ്ഞു. ഇപ്പോൾ ഒരു കമ്പനിയിൽ സോഫ്റ്റ്‌വെയർ എഞ്ചിനിയർ ആയി ജോലി ചെയ്യുന്നു.'

ഞാൻ സന്തോഷത്തോടെ ഒന്ന് പുഞ്ചിരിച്ചു.

നിരവധി വിവാഹങ്ങളിൽ വടകര വന്നതിനുശേഷം കൂടിയിട്ടുണ്ടെങ്കിലും ഈ വിവാഹത്തിൽ പങ്കെടുത്തത് ഒരു ചാരിതാർത്ഥ്യത്തോടെയാണ്. പ്രതിസന്ധിഘട്ടത്തിൽ ഒരു കുടുംബത്തിന് അല്പം ആശ്വാസം നൽകാൻ സാധിച്ചല്ലോ എന്ന സന്തോഷമായിരുന്നു മനസ്സിലുണ്ടായിരുന്നത്.

# പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

കൗമാര വാരാഘോഷം-24 ന്റെ ഭാഗമായി പീഡിയാടിക് നഴ്സിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആറാം സെമസ്റ്റർ വിദ്യാർത്ഥികൾ 2024 ഒക്ടോബർ 18ന് തലശ്ശേരി സേക്രഡ് ഹാർട്ട് എച്ച്.എസ്.എസ് സ്കൂളിൽ രാവിലെ 10:30 ന് കൗമാരക്കാരുടെ ആരോഗ്യവും ക്ഷേമവും എന്ന വിഷയത്തിൽ ആരോഗ്യ പരിപാടിയും വിഷയ സംബന്ധ പ്രദർശനവും നടത്തി. മൂന്ന് സ്റ്റേഷനുകൾ ക്രമീകരിച്ചു.

സ്റ്റേഷൻ 1 : കൗമാരക്കാരിലെ പൊതുവായ വളർച്ചയും വികാസവും, കൗമാരക്കാരിൽ സംഭവിക്കുന്ന മാറ്റങ്ങൾ (ശാരീരികവും, വൈജ്ഞാനികവും, വൈകാരികവും, സാമൂഹികവും, ഭക്ഷണ ക്രമക്കേടുകളും, അഭിമുഖീകരിക്കുന്ന വെല്ലുവിളികളും)

സ്റ്റേഷൻ 2 : ആർത്തവ കെട്ടുകഥകളും വസ്തുതകളും, ഓജനിസിസ്, ആർത്തവത്തിന്റെ ഘട്ടങ്ങൾ, ആർത്തവ ചക്രത്തിന്റെ ഓരോ ഘട്ടത്തിലെ ലക്ഷണങ്ങൾ, ആർത്തവ ക്രമക്കേടുകൾ, PCOD ലക്ഷണങ്ങളും അതിന്റെ മാനേജ്മെന്റും, ആർത്തവകാലത്തെ ശുചിത്വവും ഭക്ഷണക്രമവും.

സ്റ്റേഷൻ 3: ഒരു കൗമാരക്കാരന്റെ മാനസിക സാമൂഹിക പ്രശ്നങ്ങൾ, ഗാഡ്ജെറ്റ് ആസക്തി, ലഹരി വസ്തുക്കളുടെ ദുരുപയോഗം, ആത്മഹത്യ തടയൽ, കൗമാര വിഷാദം, ബാല പീഡനം, ലഭ്യമായ സാമൂഹിക പിന്തുണാ സേവനങ്ങളും മറികടക്കാനുള്ള തന്ത്രങ്ങളും.

പോസ്റ്ററുകളും മോഡലുകളും പ്രദർശിപ്പിച്ചു. പവർപോയിന്റ് പ്രസന്റേഷൻ ഉപയോഗിച്ചാണ് ക്ലാസ്സുകൾ എടുത്തത്. എട്ടാം ക്ലാസ്സിലെയും ഒൻപതാം ക്ലാസ്സിലെയും ഇരുനൂറോളം കുട്ടികൾ സജീവമായി പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് വ്യക്തമായ വിശദീകരണങ്ങൾ നൽകി. സംശയങ്ങൾ ദൂരീകരിച്ചു. കൗമാരക്കാരായ പെൺകുട്ടികൾക്ക് ഈ സെക്ഷനിൽ നിന്ന് പ്രയോജനം ലഭിച്ചു. പീഡിയാടിക് നഴ്സിംഗ് വിഭാഗത്തിലെ ഡോ.സിമി മോഹൻ, ശ്രീമതി. മനീജ എസ്.എസ് എന്നിവർ പരിപാടികൾ ഏകോപിപ്പിച്ചു. മൊത്തത്തിൽ അത് വിലപ്പെട്ട ഒരു സെക്ഷനായിരുന്നു.












# മാനസിക സമ്മർദ്ദ ബോധവൽക്കരണ ദിനം

സമ്മർദ്ദത്തിന്റെ പ്രതികൂല ആഘാതത്തിലേക്ക് ശ്രദ്ധ കൊണ്ടുവരുന്നതിനായി നവംബർ 6 ന് ദേശീയ സമ്മർദ്ദബോധവൽക്കരണ ദിനമായി ആചരിക്കുന്നു. സമ്മർദ്ദം നിയന്ത്രിക്കുന്നത് ആരോഗ്യകരമായ ജീവിതശൈലിയുടെ പ്രധാന ഘടകമാണ്. പിരിമുറുക്കം എങ്ങനെ കൈകാര്യം ചെയ്യാമെന്ന് അറിയുന്നത് മാനസികവും ശാരീരികവുമായ ക്ഷേമം മെച്ചപ്പെടുത്താനും ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ വർദ്ധിക്കുന്നത് കുറയ്ക്കാനും കഴിയും.

ഈ ദിനത്തോടനുബന്ധിച്ച് മെന്റൽ ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ, ആറാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾ ജനറൽ ഹോസ്പിറ്റൽ തലശ്ശേരിയിൽ വച്ച് ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തി. മാനസിക സമ്മർദ്ദത്തെക്കുറിച്ചും അതിന്റെ ദോഷകരമായ ഫലങ്ങളെക്കുറിച്ചും കൃത്യമായ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും മറ്റുള്ളവരിൽ അവബോധം വളർത്തുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രോഗ്രാം രാവിലെ 9 മണിമുതൽ 9.45 വരെ ആയിരുന്നു. പ്രോഗ്രാമിൽ പൊതുജനങ്ങൾ സജീവമായി പങ്കെടുക്കുകയും കുട്ടികളെ അഭിനന്ദിക്കുകയും ചെയ്തു.

# നവാഗതരായ നഴ്സിംഗ് വിദ്യാർത്ഥികളെ സ്വാഗതം ചെയ്തു




മലബാർ കാൻസർ സെന്ററിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആൻഡ് റിസർച്ചിലെ ഒന്നാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് (2024-2028 ബാച്ച്) വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്ന പരിപാടി 04/11/2024 ന് രാവിലെ 10.30 ന് ഇൻസർ കാമ്പസിൽ നടത്തി. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പ്രാർത്ഥനയോടെയാണ് പരിപാടി ആരംഭിച്ചത്. തുടർന്ന് ഇൻസറിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിനുജ പി സ്വാഗതം പറഞ്ഞു. ഇൻസറിലെ പ്രിൻസിപ്പൽ ഡോ. രോഹിണി.ടി പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജിൽ പാലിക്കേണ്ട നിയമങ്ങൾ, ക്ലാസ്സിന്റെ സമയ ക്രമം,




കോളേജിലെ SNA, SSGP, NSS എന്നിവയുടെ പ്രവർത്തനത്തെപ്പറ്റി ഒരു അവലോകനം പ്രിൻസിപ്പൽ അവതരിപ്പിച്ചു. എം.സി.സി യിലെ ഹെഡ് നഴ്സ് ശ്രീമതി.ഷൈനി എ.എഫ് ആശംസകൾ നേർന്നു. നഴ്സിംഗ് തൊഴിലിന്റെ മൂല്യത്തെപ്പറ്റി ഊന്നിപ്പറഞ്ഞു. ഇൻസറിലെ ലക്ചറർ ശ്രീമതി. മനീജ .എസ്.എസ് നന്ദി പറഞ്ഞു. ദേശിയഗാനത്തിന് ശേഷം ഉച്ചയ്ക്ക് 1 മണിയോടെ പരിപാടി അവസാനിച്ചു. വിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളുമടക്കം 160 പേർ പരിപാടിയിൽ പങ്കെടുത്തു.

# പന്ന്യന്നൂർ പഞ്ചായത്ത് ഓഫീസ് സന്ദർശനം

കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് പദ്ധതിയുടെ ഭാഗമായി നാലാം വർഷ ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾ 06/11/2024 ന് പന്ന്യന്നൂർ പഞ്ചായത്ത് ഓഫീസ് സന്ദർശനം നടത്തി. കമ്മ്യൂണിറ്റി ഹെൽത്തിൽ പഞ്ചായത്തിന്റെ പങ്കും കൂടാതെ പ്രാദേശിക ഭരണത്തെക്കുറിച്ചും വിദ്യാർത്ഥികളുടെ അറിവ് വർദ്ധിപ്പിക്കുക എന്നതാണ് സന്ദർശനത്തിന്റെ ലക്ഷ്യങ്ങൾ.

രാവിലെ 10.15 ന് വിദ്യാർത്ഥികൾ അവിടെയെത്തി. മിസ്. ലിബ്യ.ടി.കെ (ലക്ചറർ), മിസ്. ശ്രീത (ലക്ചറർ), എന്നിവർ വിദ്യാർത്ഥികൾക്കൊപ്പം എത്തിച്ചേർന്നു. വിദ്യാർത്ഥികൾ പഞ്ചായത്ത് അധികൃതരുമായി സംവദിച്ചു. തുടർന്ന് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വൈസ് പ്രസിഡണ്ട്, വാർഡ് മെമ്പർ, തുടങ്ങിയവർ ആരോഗ്യ സംരക്ഷണ സംരംഭങ്ങൾ, ശുചിത്വം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളും സേവനങ്ങളെപ്പറ്റിയും വിശദീകരിച്ചു. വിവിധ പ്രൊജക്റ്റുകൾ, റിക്രൂട്ട്മെന്റ് പ്രക്രിയകൾ, പ്രൊജക്റ്റുകൾക്കുള്ള ധനസഹായം, ഓർഗനൈസേഷൻ പാറ്റേൺ, എന്നിവയെപ്പറ്റി വിശദീകരിച്ചു. മിസ്. അതുല്യ ജോയ് (നാലാം വർഷ നഴ്സിംഗ് വിദ്യാർത്ഥിനി) ഇൻസറിന്റെയും നാലാം വർഷ വിദ്യാർത്ഥികളുടേയും പേരിൽ പരിപാടിയിൽ നന്ദി രേഖപ്പെടുത്തി. 12 മണിയോടെ സന്ദർശനം അവസാനിച്ചു.



# എത്നിക് ഡേ - 'സംസ്കൃതി'












സ്റ്റുഡന്റ് നഴ്സസ് അസോസിയേഷനും കോളേജ് യൂണിയനും സംയുക്തമായി കോളേജ് എത്നിക് ഡേ 09/11/2024 ആഘോഷിച്ചു. 2.30ന് പ്രാർത്ഥനാ ഗാനത്തോട് കൂടി ആരംഭിച്ച പരിപാടിയിൽ മിസ്സ്. അനുമോൾ എസ്.എൻ (കോളേജ് യൂണിയൻ ചെയർപേഴ്സൺ, നാലാം വർഷ ബി.എസ്.സി നഴ്സിംഗ് സ്റ്റുഡന്റ്) സ്വാഗത പ്രസംഗം നടത്തി. തുടർന്ന് ചടങ്ങ് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊഫസർ. രോഹിണി.ടി ഉദ്ഘാടനം ചെയ്തു. എത്നിക്ഡേയുടെ പ്രാധാന്യത്തെക്കുറിച്ചും വൈവിധ്യമാർന്ന കേരള സംസ്കാരത്തെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ പ്രിൻസിപ്പൽ പരാമർശിച്ചു. തുടർന്ന് ഡോക്ടർ ഹരീഷ് ബാബു (ലൈബ്രേറിയൻ) ആശംസ പ്രസംഗം നടത്തി. കേരള ചരിത്രത്തെക്കുറിച്ചും മാറിവരുന്ന ആധുനിക സംസ്കാരങ്ങളെക്കുറിച്ചും അദ്ദേഹം ആശംസപ്രസംഗത്തിൽ വിശദീകരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. വൈവിധ്യമാർന്ന ഭാരത സംസ്കാരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികൾ വളരെയധികം ആസ്വാദകരമായിരുന്നു. തുടർന്ന് അതുല്യ ജോയ് (കോളേജ് യൂണിയൻ ചെയർപേഴ്സൺ, നാലാം വർഷ ബി.എസ്.സി നഴ്സിംഗ് സ്റ്റുഡന്റ്) നന്ദി പ്രകാശനം നടത്തി. 4.30ഓടെ പരിപാടി അവസാനിച്ചു.

# ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി

മലബാർ കാൻസർ സെന്ററിലെ Bsc MRT വിദ്യാർത്ഥികൾക്ക് വേണ്ടി ആന്റി റാഗിംങ്ങ് കമ്മിറ്റിയുടെയും നാഷണൽ സർവ്വീസ് സ്കീമിന്റെയും ആഭിമുഖ്യത്തിൽ 04/12/2024 ന് ലഹരിക്കെതിരെ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ട്മെന്റിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.സമീർ, വിമുക്തി മിഷൻ കണ്ണൂർ ജില്ലാ കോർഡിനേറ്റർ ശ്രീ.സുജിത് എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. NSS പ്രോഗ്രാം ഓഫീസർ ഡോ.രതീശൻ.കെ സ്വാഗതവും വകുപ്പ് മേധാവി ഡോ.ഗീത. എം. ക്ലാസ്സുകൾ കൈകാര്യം ചെയ്തവർക്ക് ഉപഹാരം നൽകുകയും ചെയ്തു.

# നവജാത ശിശു സംരക്ഷണ വാരാചരണം

നവജാത ശിശു സംരക്ഷണ വാരാചരണത്തിന്റെ ഭാഗമായി ആറാം സെമസ്റ്റർ വിദ്യാർത്ഥികൾ ജില്ലാ ആശുപത്രി കണ്ണൂരിൽ വച്ച് 20/11/2024 നവജാത ശിശു സംരക്ഷണത്തിനെ സംബന്ധിച്ച് ഒരു എക്സിബിഷനും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. സുരക്ഷ, ഗുണമേന്മ പരിചരണം, ഓരോ നവജാത ശിശുവിന്റെയും ജന്മാവകാശം എന്നതായിരുന്നു ഈ വർഷത്തെ സന്ദേശം. മുലയൂട്ടലിന്റെ പ്രാധാന്യം കങ്കാരു പരിചരണ രീതി, നവജാത ശിശു സംരക്ഷണം, നവജാത ശിശുക്കളിൽ ഉണ്ടാകുന്ന ചെറിയ രീതിയിലുള്ള അസുഖങ്ങളും അവയുടെ ചികിത്സാരീതികളും എന്നീ വിഷയങ്ങളെ സംബന്ധിച്ച് നടത്തിയ എക്സിബിഷനും ബോധവൽക്കരണ ക്ലാസ്സും വളരെ നല്ല രീതിയിൽ ഫലപ്രദമായിരുന്നു. വാർഡ് ഇൻചാർജ് ആയ ശ്രീമതി ഷീമ മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. രാവിലെ 11.30 ന് ആരംഭിച്ച പരിപാടി 12.30 ഓടെ അവസാനിച്ചു

# ദേശീയ കാൻസർ ബോധവൽക്കരണ ദിനാചരണം







2024 നവംബർ 7-ന് രാവിലെ 10 മണിക്ക് ദേശീയ കാൻസർ ബോധവൽക്കരണ ദിനം കണ്ണൂർ ജില്ലാ ആശുപത്രിയിൽ സുപ്രധാനമായ ഒരു പരിപാടി നടത്തി. ആറാം സെമസ്റ്റർ ബി.എസ്സ്.സി നഴ്സിംഗ് വിദ്യാർത്ഥികളുടെ സഹായത്തോടെ എം.സി.സിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ എം.സി.സിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആന്റ് റിസർച്ചിലെ എൻ.എസ്.എസ് യൂണിറ്റ് സംഘടിപ്പിച്ച പരിപാടി നേരത്തെയുള്ള കാൻസർ കണ്ടെത്തൽ, പ്രതിരോധം, ചികിത്സ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. വിവിധ തരത്തിലുള്ള കാൻസറുകളെക്കുറിച്ചുള്ള അവശ്യ വിവരങ്ങൾ, അവയുടെ ലക്ഷണങ്ങൾ, പ്രതിരോധ നടപടികൾ, ചികിത്സ ഓപ്ഷനുകൾ, എന്നിവ പ്രദർശിപ്പിക്കുന്ന വിശദമായ ചാർട്ട് എക്സിബിഷൻ സജ്ജീകരിച്ചു. രോഗികൾ, അവരുടെ കുടുംബങ്ങൾ, ആരോഗ്യ പരിപാലന വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരുൾപ്പെടെയുള്ള വിശാലമായ പ്രേക്ഷകർക്ക് സങ്കീർണ്ണമായ കാൻസറുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിലാണ് പ്രദർശനം ശ്രദ്ധ കേന്ദ്രീകരിച്ചത്. എൻ.എസ്.എസ് വളണ്ടിയർമാർ (ആറാം സെമസ്റ്റർ ബി.എസ്സ്.സി നഴ്സിംഗ് വിദ്യാർത്ഥികൾ) പങ്കെടുക്കുന്നവരുമായി ഇടപഴകുകയും, ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും, സ്വയം സ്തന പരിശോധന, വൃഷണ സ്വയം പരിശോധന തുടങ്ങിയ കാൻസർ പ്രതിരോധത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നൽകുകയും ചെയ്തു. ഉച്ചയ്ക്ക് ഒരു മണിയോടെ പരിപാടികൾ അവസാനിച്ചു.

# ലോക പ്രമേഹ ദിനാചരണം







ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് കോടിയേരിയിൽ ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. 2024 നവംബർ 14 ന് രാവിലെ 10.30 ന് റീഡേഴ്സ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആന്റ് റിസർച്ച്, എം.സി.സിയുടെ എൻ.എസ്.എസ് യൂണിറ്റ് നാലാം വർഷ ബി.എസ്സ്.സി നഴ്സിംഗ് വിദ്യാർത്ഥികളുടെ സഹായത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പ്രമേഹം തടയൽ, മാനേജ്മെന്റ്, ആരോഗ്യകരമായ ജീവിതശൈലിയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് അവബോധം വളർത്തുകയാണ് സെഷൻ ലക്ഷ്യമിട്ടുന്നത്. ആകർഷകവും വിജ്ഞാനപ്രദവുമായ ഉള്ളടക്കം നൽകുന്നതിന് ക്ലാസ്സ് ഓഡിയോ- വിഷ്വൽ എയ്ഡുകൾ (എവി എയ്ഡുകൾ) ഉപയോഗിച്ചു. പ്രമേഹം നേരത്തെ കണ്ടെത്തൽ, അപകടസാധ്യതയുള്ള ഘടകങ്ങൾ, ചിട്ടയായ വ്യായാമത്തിന്റെ പ്രാധാന്യം, സമീകൃതാഹാരം, രോഗം നിയന്ത്രിക്കുന്നതിൽ മരുന്നുകളുടെ പങ്ക് എന്നിവ ഉൾപ്പെടുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രദേശവാസികളും ആരോഗ്യപ്രവർത്തകരും എൻ.എസ്.എസ് വളണ്ടിയർമാരുമടക്കം വലിയൊരു സംഘം പരിപാടിയിൽ പങ്കെടുത്തു.ഒരു ചോദ്യോത്തരത്തോടെ സെഷൻ സമാപിച്ചു. അവിടെ പങ്കെടുത്തവർക്ക് സംശയങ്ങൾ ദൂരീകരിക്കാൻ അവസരമുണ്ടായിരുന്നു. 11.30 ഓടെ പരിപാടികൾ അവസാനിച്ചു.

# കേരളാഗ്രാമീൺ ബാങ്ക് ആംബുലൻസ് കൈമാറി



മലബാർ കാൻസർ സെന്ററിന് ആംബുലൻസ് നൽകി കേരള ഗ്രാമീൺ ബാങ്ക്. കേരള ഗ്രാമീൺ ബാങ്ക് കണ്ണൂർ 2 റീജണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി മലബാർ കാൻസർ സെന്ററിന് നൽകിയ ആംബുലൻസിന്റെ താക്കോൽ കൈമാറ്റം ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. കേരള ഗ്രാമീൺ ബാങ്ക് സി.എസ്.ആർ ഫണ്ടിൽ നിന്ന് തുക അനുവദിച്ചാണ് കാൻസർ സെന്ററിനായി പുതിയ ആംബുലൻസ് സമർപ്പിച്ചത്.


മലബാർ കാൻസർ സെന്ററിൽ വച്ച് നടന്ന താക്കോൽ ദാന ചടങ്ങിൽ മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ.ബി. കേരള ഗ്രാമീൺബാങ്ക് ജനറൽ മാനേജർ ശ്രീമതി. ശ്രീകല ശ്രീകുമാർ, റീജിയണൽ മാനേജർ ശ്രീ നന്ദകുമാർ ടി.വി, ഡോ. വിനിൻ. എൻ.വി, അഡ്മിനിസ്ട്രേറ്റർ ശ്രീമതി അനിത.ടി എന്നിവർ സംസാരിച്ചു.

കേരള സർക്കാറിന്റെ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ തലശ്ശേരി മലബാർ കാൻസർ സെന്റർ - പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച്, കാൻസർ നേരിടുന്ന വ്യക്തികൾക്ക് ഉയർന്ന നിലവാരമുള്ള ചികിത്സയും പിന്തുണയും ലഭ്യമാണെന്ന് ഉറപ്പാക്കാനും പ്രതിജ്ഞാബദ്ധമാണ്. സർക്കാറിന്റെ വിവിധ സാമ്പത്തിക സഹായ പദ്ധതികളും കാൻസർ സെന്റർ നൽകുന്ന രോഗീ പിന്തുണാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഏകദേശം 90% രോഗികൾക്കും സൗജന്യമായോ സബ്സിഡി നിരക്കിലോ ചികിത്സ ലഭിക്കുന്ന സെന്ററിലേക്ക് ഒരു ആംബുലൻസ് കൂടി ചേരുന്നത് വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് സമഗ്രമായ കാൻസർ പരിചരണം നൽകുന്നതിന് സഹായകമാകും.

# പോസ്റ്റ് ബോധവൽക്കരണ കാൻസർ സർവ്വേ

കാൻസർ ബോധവൽക്കരണം നടത്തുന്നതിനും മുൻകാല വിദ്യാഭ്യാസ ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുമായി എം.സി.സിയുടെ കമ്മ്യൂണിറ്റി ഓങ്കോളജി മെഡിസിൻ വിഭാഗം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആന്റ് റിസർച്ചിലെ എൻ.എസ്.എസ് യൂണിറ്റ്-എം.സി.സി, പന്ന്യന്നൂർ പഞ്ചായത്തുമായി സഹകരിച്ച് ബോധവൽക്കരണാനന്തര കാൻസർ സർവ്വേ നടത്തി. 2024 നവംബർ 13 മുതൽ നവംബർ 16 വരെ പന്ന്യന്നൂർ നിവാസികൾ നേടിയ അറിവ് വിലയിരുത്തുന്നതിനാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസ പരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു വർഷം മുമ്പ് 2023 ഓഗസ്റ്റിൽ സമാനമായ ഒരു ബോധവൽക്കരണ സർവ്വേ നടത്തിയിരുന്നു. ആരോഗ്യ പരിപാലന വിദഗ്ദരുടെ നേതൃത്വത്തിലുള്ള പതിവ് ബോധവൽക്കരണ ക്ലാസ്സുകളിലേക്ക് സമൂഹം തുറന്ന് കാണിച്ചതിനുശേഷം, കാൻസർ പരിജ്ഞാനം, അപകട സാധ്യത ഘടകങ്ങൾ, നേരത്തെയുള്ള കണ്ടെത്തൽ രീതികളെക്കുറിച്ചുള്ള ധാരണ എന്നിവയിലെ എന്തെങ്കിലും മാറ്റങ്ങൾ അളക്കുക എന്നതായിരുന്നു ഈ പോസ്റ്റ് സർവ്വേയുടെ പ്രാഥമിക ലക്ഷ്യം. നാലാം വർഷ വിദ്യാർത്ഥികളിലെ എൻ.എസ്.എസ് വളണ്ടിയർമാരെ ഗ്രൂപ്പുകളാക്കി തിരിച്ച് പഞ്ചായത്തിലെ ആശാവർക്കർമാർക്കൊപ്പം വീടുകളിലെത്തി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ആളുകളോട് ചോദ്യങ്ങൾ ചോദിച്ചു.



# ദേശീയ ഭരണഘടനാ ദിനാചരണം







ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആൻഡ് റിസർച്ച്, MCC യുടെ NSS യൂണിറ്റ് 2024 നവംബർ 26 ന് അസംബ്ലി ഹാളിൽ ഭരണഘടനാ ദിനം ആഘോഷിച്ചു. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണാർത്ഥം രാവിലെ 9.00 മണിക്ക് ആരംഭിച്ച ആഘോഷം, പരിപാടിയിൽ മൊത്തം 80 വിദ്യാർത്ഥികളും 7 അദ്ധ്യാപകരും പങ്കെടുത്തു. NSS പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ NSS വളണ്ടിയർമാരുടെ നേതൃത്വത്തിലായിരുന്നു ചടങ്ങ്. NSS പ്രോഗ്രാം ഓഫീസറുടെ ആമുഖത്തോടെ രാവിലെ 9.00 മണിക്ക് പരിപാടി ആരംഭിച്ചു. പ്രോഗ്രാം ഓഫീസർ ഇന്ത്യൻ ഭരണഘടനയുടെ പ്രാധാന്യം ഊന്നിപ്പറയുകയും അത് എങ്ങനെയാണ് ഇന്ത്യയിലെ ജനാധിപത്യം, നീതി, സമത്വം എന്നിവയ്ക്ക് അടിത്തറ പാകിയതെന്ന് എടുത്ത് കാണിക്കുകയും ചെയ്തു. ഭരണഘടനയെക്കുറിച്ച് കൂടുതലറിയാനും, നീതി, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ തത്വങ്ങൾക്കനുസൃതമായി ജീവിക്കാനും പ്രോഗ്രാം ഓഫീസർ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. രാവിലെ 9.10 ന് പ്രതിജ്ഞാ സമ്മേളനം ആരംഭിച്ചു. ഭരണഘനയുടെ ആമുഖ പാരായണത്തിൽ പങ്കെടുത്തവരെ നയിച്ച എൻ.എസ്.എസ് വളണ്ടിയർ ശ്രീമതി.ആൻസി ചടങ്ങിന് നേതൃത്വം നൽകി. വിദ്യാർത്ഥികളും അദ്ധ്യാപകരും ഉൾപ്പെടെ സന്നിഹിതരായ എല്ലാവരും ഒരേ സ്വരത്തിൽ നിൽക്കുകയും ഭരണ ഘടനയുടെ മൂല്യങ്ങളോടുള്ള പ്രതിബദ്ധത ആവർത്തിച്ച് ആമുഖം വായിക്കുകയും ചെയ്തു. രാവിലെ 9.30 ന് ചടങ്ങുകൾ സമാപിച്ചു. വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ആവേശകരമായ പങ്കാളിത്തത്തെ അഭിനന്ദിച്ചുകൊണ്ട് NSS പ്രോഗ്രാം ഓഫീസർ ഹ്രസ്വമായ നന്ദി രേഖപ്പെടുത്തി. രാഷ്ട്രത്തെയും പൗരന്മാരെയും രൂപപ്പെടുത്തുന്നതിൽ ഭരണഘടനയുടെ പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്ന പരിപാടി വൻ വിജയമായിരുന്നു.

# ലോക എയ്ഡ്സ് ബോധവൽക്കരണ റാലി











ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് കോടിയേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹകരണത്തോടെ എം.സി.സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആന്റ് റിസർച്ചിലെ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ റാലി സംഘടിപ്പിച്ചു. 2024 ഡിസംബർ 4 ന് രാവിലെ 11.30 ന് INSeR , MCC യിലെ നാലാം വർഷ BSc നഴ്സിംഗ് വിദ്യാർത്ഥികളുടെയും കോടിയേരി PHC യിലെ സമർപ്പിതരായ സ്റ്റാഫ് അംഗങ്ങളുടെയും ആവേശകരമായ പങ്കാളിത്തത്തോടെയാണ് പരിപാടി നടന്നത്. എച്ച്.ഐ.വി/ എയ്ഡ്സിനെക്കുറിച്ച് അവബോധം വളർത്തുക, പ്രതിരോധം പ്രോത്സാഹിപ്പിക്കുക, രോഗവുമായി ബന്ധപ്പെട്ട കളങ്കം കുറയ്ക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. റാലി പ്രദേശത്തെ പ്രധാന തെരുവുകളിലൂടെ നീങ്ങി, പങ്കെടുക്കുന്നവർ മുദ്രാവാക്യം മുഴക്കിയും സുരക്ഷിതമായ രീതികളും എച്ച്.ഐ.വി പരിശോധനയും പ്രോത്സാഹിപ്പിക്കുന്ന സന്ദേശങ്ങൾ ഉള്ള ബാനറുകൾ ഉയർത്തി. കളങ്കം കുറയ്ക്കുന്നതിനും പ്രാദേശിക സമൂഹത്തിൽ മെച്ചപ്പെട്ട ആരോഗ്യ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സ്വാധീനകരമായ ചുവടുവെപ്പായിരുന്നു റാലി. ഉച്ചയ്ക്ക് 12 മണിയോടെ പരിപാടികൾ അവസാനിച്ചു.

# പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

പഠനാനന്തരം

നാലാം വർഷ BSc നഴ്സിംഗ് വിദ്യാർത്ഥികൾ പീഡിയാട്രിക് നഴ്സിംഗ് വകുപ്പുമായി ചേർന്ന് 05/12/2024 ന് ബേസിക് നിയോനാറ്റൽ റീസസിറ്റേഷൻ പോളിസി, പീഡിയാട്രിക് ലൈഫ് സപ്പോർട്ട് എന്നീ വിഷയങ്ങളിൽ ഒരു ഏക ദിന ശില്പശാല സംഘടിപ്പിച്ചു. ഡോ. ജയഗോപാൽ.പി.പി (ഐ.എ.പി പ്രസിഡണ്ട്) യുടെ നേതൃത്വത്തിൽ ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് തലശ്ശേരി ചാപ്റ്ററുമായി ചേർന്നാണ് ഈ ശില്പശാല നടത്തിയത്. മൊത്തത്തിലുള്ള പരിപാടി രണ്ട് സെഷനുകളായി തിരിച്ചിരുന്നു.

സെഷൻ-1 വിഷയങ്ങൾ

- ജനനത്തിനായുള്ള ഒരുക്കം
- പതിവ് പരിചരണം
- പ്രാരംഭ ഘട്ടങ്ങൾ
- ഹ്രസ്വമായ ശ്വാസോച്ഛ്വാസം
- സാധാരണ ഹൃദയമിടിപ്പുള്ള ദീർഘനേര ശ്വാസോച്ഛ്വാസം
- മന്ദഗതിയിലുള്ള ഹൃദയമിടിപ്പുള്ള ദീർഘനേര ശ്വാസോച്ഛ്വാസം

പ്രഭാഷകർ :

- ഡോ. ജോണി സെബാസ്റ്റ്യൻ
- ഡോ. പ്രീയ രാജേന്ദ്രൻ
- ഡോ. മായ SI
- ഡോ. ക്രിസ്റ്റ തേരേസ് റെജി

സെഷൻ-2 വിഷയങ്ങൾ

- പീഡിയാട്രിക് ലൈഫ് സപ്പോർട്ട്
- അന്യവസ്തു തൊണ്ടയിൽ കുടുങ്ങിയാൽ ഉള്ള പ്രാഥമിക ശുശ്രൂഷ

പ്രഭാഷകർ :

- ഡോ. ജിതിൻ. എം.കെ
- ഡോ. ആനന്ദ്.കെ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആന്റ് റിസർച്ച് മലബാർ കാൻസർ സെന്റർ പ്രിൻസിപ്പൽ പ്രൊഫ.ഡോ. രോഹിണി.ടി ഔദ്യോഗിക പരിപാടി




ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡോ.ജിതിൻ.കെയുടെ മുഖ്യ പ്രഭാഷണവും, ഡോ. പ്രിയാ രാജേന്ദ്രന്റെ അനുമോദന പ്രസംഗവും നടന്നു.

സെഷൻ 1 - ബേസിക് നിയോനാറ്റൽ റീസസിറ്റേഷൻ പ്രാരംഭ സെഷനിൽ ഡോ. ജോണി സെബാസ്റ്റ്യൻ ഒരു ഹ്രസ്വപ്രസംഗം നടത്തി. തുടർന്ന് നൈപുണ്യ പരിശീലനവും നടന്നു. നാല് സ്കിൽ സ്റ്റേഷനുകൾ ക്രമീകരിച്ചു. മുഴുവൻ പ്രതിനിധികളേയും നാല് ഗ്രൂപ്പുകളാക്കി തിരിച്ച് ഒരു റിസോഴ്സ് പേഴ്സനെ വീതം ഒരു സ്കിൽ സ്റ്റേഷനിലേക്ക് നിയോഗിച്ചു.

സെഷൻ - 2 ഡോ. ജിതിൻ. എം.കെ, ഡോ. ആനന്ദ്.കെ എന്നിവർ പീഡിയാട്രിക് ലൈഫ് സപ്പോർട്ടിലെ ശ്വാസോച്ഛ്വാസം, കംപ്രഷൻ പാറ്റേൺ, അവയുടെ അനുപാതം, അന്യവസ്തു തൊണ്ടയിൽ കുടുങ്ങിയാൽ എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെക്കുറിച്ചുള്ള ക്ലാസ്സും പരിശീലനവും നൽകി. സാഹചര്യത്തെ അടിസ്ഥാനമാക്കി ചോക്കിംഗിന്റെയും പീഡിയാട്രിക് ലൈഫ് സപ്പോർട്ടിന്റെയും മാനേജ്മെന്റ് ചെയ്യാൻ കുട്ടികളെ വിളിച്ചു. പ്രഭാഷകർക്ക് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊഫ.ഡോ.രോഹിണി.ടി നന്ദി പ്രകാശിപ്പിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. വിദ്യാർത്ഥികളുടെ പ്രതികരണം മികച്ചതായിരുന്നു. മൊത്തത്തിൽ ഇതൊരു വിജ്ഞാനപ്രദമായ സെഷനായിരുന്നു.

- മൊത്തം പ്രതിനിധികൾ : 130 (120 വിദ്യാർത്ഥികൾ, 9 ഫാക്കൽറ്റി, 1 റെസിഡന്റ് മെഡിക്കൽ ഓഫീസർ)
- ആകെ പ്രഭാഷകർ : 6



# പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ




ആറാം സെമസ്റ്റർ വിദ്യാർത്ഥികൾ പീഡിയാട്രിക് നഴ്സിംഗ് ഗ്രൂപ്പ് പ്രൊജക്ടിന്റെ ഭാഗമായി ഹെൽത്ത് പ്രോഗ്രാം സംഘടിപ്പിച്ചു. കോടിയേരി PHC ക്ക് സമീപമുള്ള അങ്കണവാടിയിൽ കുട്ടികളിലെ പെരുമാറ്റവൈകല്യങ്ങൾ എന്ന വിഷയത്തിൽ 2024 ഡിസംബർ 11ന് ഒരു പ്രദർശനം നടത്തി. ആറ് സ്റ്റേഷനുകൾ ക്രമീകരിച്ചു.

- സ്റ്റേഷൻ 1 : വ്യക്തിത്വ വൈകല്യങ്ങൾ
- (കോപം, കൗമാര കുറ്റം, ലജ്ജ, ആക്രമണോത്സുകത)
- സ്റ്റേഷൻ 2 : ഭക്ഷണ ക്രമക്കേടുകൾ
- (ബുലീമിയ നെർവോസ, അനോറെക്സിയ നെർവോസ, പൊണ്ണത്തടി, പിക്ക)
- സ്റ്റേഷൻ 3 : ശീല വൈകല്യങ്ങൾ
- (ട്രിച്ചിറ്റില്ലോമാനിയ, നഖം കടിക്കൽ, തള്ളവിരൽ കടിക്കൽ, മോഷ്ടിക്കൽ, കള്ളം പറയുന്നത്)
- സ്റ്റേഷൻ 4 : ഉത്കണ്ഠാ വൈകല്യങ്ങൾ
- (പൊതു ഉത്കണ്ഠാ വൈകല്യങ്ങൾ, സാമൂഹിക ഉത്കണ്ഠ, ഭയം, വേർപിരിയൽ ഉത്കണ്ഠ, സെലക്ടീവ് മ്യൂട്ടിസം)
- സ്റ്റേഷൻ 5 : ഉറക്ക തകരാറുകൾ
- (പേടി സ്വപ്നം, സോംനാംബുലിസം, സ്ലീപ്പ് വാക്കിംഗ്)
- സ്റ്റേഷൻ 6 : സംസാര വൈകല്യം
- (ഇടർച്ച, ഉച്ചാരണ വൈകല്യങ്ങൾ)
- പോസ്റ്ററുകളും മോഡലുകളും പ്രദർശിപ്പിച്ചു. പാവക്കളി ഉപയോഗിച്ച് കൂടുതൽ വിവരങ്ങൾ നൽകി. 25 ഓളം അമ്മമാർ സജീവമായി പങ്കെടുത്തു. അമ്മമാരുടെ സംശയങ്ങൾക്ക് വിശദീകരണങ്ങൾ നൽകി. പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിലെ ഡോ. സിമി മോഹൻ, ശ്രീമതി മനീജ എന്നിവർ പരിപാടി ഏകോപിപ്പിച്ചു. ഇത് അമ്മമാർക്ക് വിജ്ഞാനപ്രദമായ ഒരു സെഷനായിരുന്നു.









# ഫിനിഷിംഗ് സ്കൂൾ അടിസ്ഥാന ലൈഫ് സപ്പോർട്ട് (BLS)പരിശീലന പരിപാടി











ഇൻസർ ഫിനിഷിംഗ് സ്കൂൾ സംരംഭത്തിന്റെ ഭാഗമായി അവസാന വർഷ ബി.എസ്സ്.സി നഴ്സിംഗ് വിദ്യാർത്ഥികൾക്കായി അടിസ്ഥാന ലൈഫ് സപ്പോർട്ട് (BLS) പരിശീലനപരിപാടി 21/12/2024 ന് സംഘടിപ്പിച്ചു. രാവിലെ 10 മണിയോടെ ആരംഭിച്ച പരിപാടിയിൽ ഡോ.ശരത്.കെ.ഇ എം.സി.സി യിലെ കൈക്രോ ബയോളജി വിഭാഗം അസ്സിസ്സ്റ്റൻ് പ്രൊഫസർ, ഓങ്കോ അനസ്തേഷ്യോളജി വിഭാഗം അസ്സിസ്സ്റ്റൻ് പ്രൊഫസർ ഡോ.ശ്രുപേഷ് എ.സ് എന്നിവരായിരുന്ന പരിശീലകർ. കാർഡിയോ പൾമണറി റെസസിറ്റേഷൻ (CPR) ഓട്ടോമേറ്റഡ് എക്സ്റ്റേണൽ ഡിഫിബ്രിലേറ്റർ എന്നിവയിൽ വിദ്യാർത്ഥികൾക്ക് സമഗ്രമായ പരിശീലനം നൽകി. കൂടാതെ പരിശീലനത്തിൽ പീഡിയാട്രിക് ലൈഫ് സപ്പോർട്ടും തൊണ്ടയിൽ ഏതെങ്കിലും തരത്തിലുള്ള വസ്തുക്കൾ അകപ്പെടുന്ന തുമൂലമുണ്ടാകുന്ന ശ്വാസനാള തടസ്സം എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ള കാര്യങ്ങളും ഉൾപ്പെടുത്തി. പരിശീലനത്തിന്റെ അവസാനത്തോടെ വിദ്യാർത്ഥികൾക്ക് സൈദ്ധാന്തികവും പ്രായോഗികവുമായ അറിവ് നേടിയെടുക്കാൻ സാധിച്ചു. നാലാം വർഷ നഴ്സിംഗ് വിദ്യാർത്ഥിനി കുമാരി വൈഷ്ണവി.എം നന്ദി പ്രകാശനം നടത്തി. ഉച്ചക്ക് 12.40 ഓടെ പരിപാടി അവസാനിച്ചു.

# പിങ്ക് റിബൺ ഡേ ആചരണം ഒക്ടോബർ -24

പത്ത് സ്തനാർബുദ ബോധവൽക്കരണ പരിപാടികളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ നടത്തി. പന്ന്യന്നൂർ പഞ്ചായത്തിലെ പരിശീലനം സിദ്ധിച്ച വളണ്ടിയർമാർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്തനാർബുദ ബോധവൽക്കരണവും സ്വയം സ്തനപരിശോധന പരിശീലനവും നടത്തി. തണൽ വടകര, അമൃത വിദ്യാലയം എന്നിവിടങ്ങളിൽ ആരോഗ്യ പ്രദർശനങ്ങൾ നടത്തി.
























# ദേശീയ അർബുദ ബോധവൽക്കരണ ദിനാചരണം

നവംബർ മാസത്തിൽ വിവിധ പരിപാടികളോടെ ആചരിച്ചു. നവംബർ 11 ന് വ്യാപാരി വ്യവസായി ഓഡിറ്റോറിയത്തിൽ വച്ച് പൊതു ജനങ്ങൾക്കായുള്ള സെമിനാർ 'അർബുദം: മുന്നേറ്റങ്ങൾ വെല്ലുവിളികൾ നടത്തി.' 150 പേർ പങ്കെടുത്തു. എം.സി.സി യിലെ ഡോക്ടർമാർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് പാനൽ ചർച്ചയും നടന്നു. ഇത് കൂടാതെ വിവിധ സ്കൂളുകളിൽ (രാമവിലാസം എച്ച്.എസ്.എസ്, സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ, എം.ഇ.എസ്. ബാവ റെസിഡൻഷ്യൽ സ്കൂൾ, ചിറക്കര ജി.വി.എച്ച്.എസ്.എസ്) ബോധവൽക്കരണ പരിപാടികൾ നടത്തി.

പൊതുജനങ്ങൾക്കായി എം.സി.സി സെമിനാർ ഹാളിൽവച്ച് ഡിസംബർ 19-ന് പൊതുജനങ്ങൾക്കായുള്ള സെമിനാർ 'അർബുദ പ്രതിരോധം: സാമൂഹിക പങ്കാളിത്തത്തോടെ' എന്ന വിഷയത്തിൽ നടത്തി. സെമിനാർ ശ്രീ.നിസാർ അഹമ്മദ്(ജില്ലാ ജഡ്ജി) ഉദ്ഘാടനം ചെയ്തു. സബ് കളക്ടർ ശ്രീ. കാർത്തിക് പാണിഗ്രാഹി മുഖ്യാതിഥിയുമായിരുന്നു. 90 പേർ പങ്കെടുത്തു.

നവംബർ ഡിസംബർ മാസങ്ങളിൽ 'Aware Awake' പദ്ധതിയുടെ തുടർച്ചയായി 'Reels and Trolls' മത്സരങ്ങൾ നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തി. അർബുദ സംബന്ധമായ വിവിധ വിഷയങ്ങളിൽ നടത്തിയ മത്സരങ്ങളിൽ വിദ്യാർത്ഥികളും പൊതുജനങ്ങളും പങ്കെടുത്തു. കൂടാതെ AIDOSCAN പദ്ധതിയിൽ വായിലെ അർബുദ സ്ക്രീനിംഗ് പരിശോധനകൾ നടത്തി. വായിലെ അർബുദ പരിശോധനക്കായുള്ള വളണ്ടിയർ പരിശീലനം വടകര തണൽ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തി.
























# മലബാർ കാൻസർ സെന്റർ


**തലശ്ശേരി, കണ്ണൂർ ജില്ല, കേരളം**

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ-മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in





**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Dr. Bindu T, Dr. Harish Babu, Sobhith V K, Dr. Phinse M Philip, Sindhu N R, Sreejisha
**Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103.
Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com